## പതിമൂന്നാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 6973

11/07/2014-ൽ
മറുപടിയ്ക്ക്

### സ്കോളർ സപ്പോർട്ട് പ്രോഗ്രാം

**ചോദ്യം**
ശ്രീ. കെ.ശിവദാസൻ നായർ :
ശ്രീ. ഐ.സി.ബാലകൃഷ്ണൻ :
ശ്രീ. എ.റ്റി.ജോർജ് :
ശ്രീ. ഹൈബി ഈഡൻ :

**മറുപടി**
ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഏതെല്ലാം വിദ്യാർത്ഥികളെയാണ് സ്കോളർ സപ്പോർട്ട് പ്രോഗ്രാമിന്റെ കീഴിൽ കൊണ്ട് വരാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ; | (എ) | ആദ്യവർഷ ബിരുദ വിദ്യാർത്ഥികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് ബിരുദ കോഴ്സിന്റെ രണ്ടും മൂന്നും വർഷങ്ങളിലും പദ്ധതിയുടെ പ്രയോജനം ലഭിക്കത്തക്ക രീതിയിലാണ് പദ്ധതി രൂപകല്പന ചെയ്തിട്ടുള്ളത്. ഓരോ കോളേജിലും കോളേജിലെ സാഹചര്യങ്ങളും ആവശ്യങ്ങളും പരിഗണിച്ച്, കുറഞ്ഞത് 6 വിഷയങ്ങളിലെങ്കിലും വേണ്ട സഹായം, വിദ്യാർത്ഥികൾക്ക് നൽകാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. സർവ്വകലാശാലാതലത്തിൽ നടത്തിയ വിശദമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ യൂണിവേഴ്സിറ്റി പരീക്ഷകളിൽ വിദ്യാർത്ഥികൾ മോശമായ പ്രകടനം കാഴ്ചവെയ്ക്കുന്ന വിഷയങ്ങൾ കണ്ടെത്തി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഈ പട്ടികയിൽ നിന്നും വിദ്യാർത്ഥികളുടെ താല്പര്യം കൂടി പരിഗണിച്ച് കോളേജ് തലത്തിൽ വിഷയങ്ങൾ സ്ഥാപനങ്ങൾക്ക് തെരഞ്ഞെടുക്കാം. ഒരു വിഷയം കോമൺ കോഴ്സായ ഇംഗ്ലീഷ് ആയിരിക്കും. മറ്റ് 5 വിഷയങ്ങൾ കോളേജ് കൗൺസിലിന്റെ സഹായത്തോടെ ബന്ധപ്പെട്ട കോളേജ് കണ്ടെത്തണം. അതിനനുസരിച്ച് പഠനത്തിൽ സഹായം വേണ്ട, മാർക്ക് കുറവുള്ള 50 കുട്ടികളെ കണ്ടെത്തുന്നു. ഇംഗ്ലീഷിന് 10 കുട്ടികളെയും മറ്റ് 5 വിഷയങ്ങൾക്ക് ഓരോന്നിനും 8 വീതം കുട്ടികളെയുമാണ് കണ്ടെത്തുന്നത്. ഇപ്രകാരം തെരഞ്ഞെടുക്കുന്ന 50 കുട്ടികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. റഗുലർ ക്ലാസ് സമയത്തിനു ശേഷവും, അവധി ദിവസങ്ങളിലും ശനിയാഴ്ചകളിലും ക്ലാസ് നടത്താവുന്നതാണ്. |

| | | | |
|---|---|---|---|
| | | | ഒരു വർഷം ഒരു വിഷയത്തിൽ 20 മണിക്കൂർ വീതം 6 വിഷയങ്ങൾക്ക് പരമാവധി 120 മണിക്കൂർ വരെ പദ്ധതി പ്രകാരം സഹായം നൽകാം. |
| (ബി) | വിദ്യാർത്ഥികൾക്ക് എന്തെല്ലാം സഹായവും ബോധന സാമഗ്രികളുമാണ് ഈ പദ്ധതി അനുസരിച്ച് നൽകുന്നത് വിശദമാക്കുമോ ; | | സ്പെഷ്യൽ ക്ലാസ്സുകൾ വഴി വിദ്യാർത്ഥികൾക്ക് സർവ്വകലാശാല പരീക്ഷയ്ക്ക് തയ്യാറെടുപ്പ് നടത്താൻ വേണ്ട സഹായം നൽകാൻ പദ്ധതി വിഭാവനം ചെയ്യുന്നു. ക്വസ്റ്റ്യൻ ബാങ്ക് വിതരണം, പൊതുവായ ചില വിഷയങ്ങളെപ്പറ്റിയുള്ള ക്ലാസ്സുകൾ എന്നിവ പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നു. സർവ്വകലാശാലാ പരീക്ഷയുടെ മാതൃകയിലുള്ള ചോദ്യപേപ്പറുകൾ തയ്യാറാക്കി വിശദമായ ഉത്തരസൂചികകളോടൊപ്പം വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നു. |
| (ഡി) | ഏത് അദ്ധ്യയനവർഷം മുതലാണ് പ്രസ്തുത പ്രോഗ്രാം നടപ്പിലാക്കാനുദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ? | (ഡി) | 2012-13 വർഷം മുതൽ ഈ പദ്ധതി സർക്കാർ കോളേജുകളിൽ നടപ്പാക്കിയിട്ടുണ്ട്. 2013-14 വർഷം 45 എയ്ഡഡ് കോളേജുകളിലും ഈ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ